# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 888 | 30/6/2015 -ൽ മറുപടിക്ക്

## ചേർത്തല - കുടിവെള്ള വിതരണ പൈപ്പുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പി.തിലോത്തമൻ | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ചേർത്തല താലൂക്കിൽ കുടിവെള്ള വിതരണത്തിനായി ഉപയോഗിച്ചിരിക്കുന്ന പൈപ്പുകൾ കാലാവസ്ഥ, മണ്ണിന്റെ ഘടന തുടങ്ങിയ ഘടകങ്ങളുമായി യോജിക്കാത്തവയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; | (എ) | ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്താണ് വിവിധതരം പൈപ്പുകൾ പ്രോജക്ട് ഡിസൈൻ പ്രകാരം ശുപാർശ ചെയ്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത പൈപ്പുകൾ അടിക്കടി പൊട്ടുന്നത് എന്തു കാരണത്താലാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | പൈപ്പ് പൊട്ടിയതിനുശേഷം വീണ്ടും ടെസ്റ്റ് ചെയ്തപ്പോൾ ചില പൈപ്പുകളുടെ സ്റ്റിഫ്നസ് ക്രൈറ്റീരിയ ടെൻഡറിൽ ആവശ്യപ്പെട്ടതിനെക്കാൾ കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | 500 കോടിയിലധികം രൂപ മുടക്കി പദ്ധതി നടപ്പിലാക്കിയിട്ടും നിരന്തരം പൈപ്പ് ലൈനുകൾ പൊട്ടുന്ന സാഹചര്യം കണക്കിലെടുത്ത് പദ്ധതി നടത്തിപ്പിൽ അഴിമതി നടന്നിട്ടുണ്ടോ എന്നന്വേഷിക്കുവാൻ വിജിലൻസ് അന്വേഷണം നടത്തുമോ? | (സി) | അന്വേഷണം നടത്തി റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതിനാൽ കൂടുതൽ അന്വേഷണം ഇപ്പോൾ ആവശ്യമാണെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ